## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1121.** **30.11.2018 ൽ മറുപടിയ്ക്ക്**

## കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.സി.ജോസഫ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 1975 ലെ കേരള ഫോറിൻ ലിക്വർ റൂൾസിൽ കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്ക് അനുമതി നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പ്രസ്തുത അപേക്ഷയോടൊപ്പം എന്തൊക്കെ രേഖകൾ സമർപ്പിക്കണമെന്നാണ് നിബന്ധനയുള്ളത്;വിശദമാക്കുമോ; | (എ) | ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ്) റൂളിലെ റൂൾ 3 (2) അനുസരിച്ച്:-<br>1. കോമ്പൗണ്ടിങ്ങ്, ബ്ലൻറിംഗ്, ബോട്ടിലിംഗ് പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും വിവരണവും (അളവിനനുപാതികമായി വരച്ചത് - മൂന്ന് പകർപ്പ്)<br>2. പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനുദ്ദേശിക്കുന്ന സുസ്ഥിര ഉപകരണങ്ങളുടെ എണ്ണം, വലിപ്പം, വിവരണം എന്നിവ വിശദമാക്കുന്ന സ്റ്റേറ്റ്മെൻറ്.<br>3. കോമ്പൗണ്ടിങ്ങ്, ബ്ലൻറിംഗ്, ബോട്ടിലിംഗ് പ്രവർത്തനങ്ങൾക്കായും സംഭരിച്ച് വയ്ക്കേണ്ടതായും പ്രതീക്ഷിക്കുന്ന സ്പിരിറ്റിന്റെ പ്രൂഫ് ലിറ്ററിലുള്ള പരമാവധി അളവ് സംബന്ധിച്ച വിവരം.<br>4. 100 രൂപ നിരതദ്രവ്യം ഒടുക്കിയ രേഖ.<br>എന്നിവയാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ. |
| (ബി) | ശ്രീചക്ര ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, | (ബി) | സമർപ്പിച്ചിരുന്നു. കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റിനായി ശ്രീചക്ര ഡിസ്റ്റലറീസ് അപേക്ഷ സമർപ്പിച്ചത് 24-10-1998-ലാണ്. ടി |

| | | | |
|---|---|---|---|
| | ബോട്ടിലിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയോടൊപ്പം മേല്പറഞ്ഞ ചട്ടം അനുശാസിക്കുന്ന രേഖകൾ സമർപ്പിച്ചിരുന്നോ; | | അപേക്ഷയോടൊപ്പം ചട്ടം അനുശാസിക്കുന്ന എല്ലാ രേഖകളും സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് മദ്ധ്യമേഖല എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ അപേക്ഷ ശുപാർശ ചെയ്ത് എക്സൈസ് കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി അപേക്ഷയുടെ തുടർച്ചയായാണ് 10/10/2003, 05/04/2010, 04/07/2017, 24/10/2017, എന്നീ തീയതികളിലെ അപേക്ഷകളും സമർപ്പിച്ചിരുന്നത്. |
| (സി) | എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് അനുമതി നൽകിക്കൊണ്ട് 12-7-2018 ൽ പുറത്തിറക്കിയ ഉത്തരവിൽ തൃശ്ശൂർ ജില്ലയിലെ ഏത് സ്ഥലത്താണ് പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയതെന്ന കാര്യം പരാമർശിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) | 12/07/2018 തീയതിയിലെ സ.ഉ(സാധാ)507/2018/നി.വ. പ്രകാരം മുൻകൂർ അനുമതി മാത്രമാണ് നൽകിയിരുന്നത്. തുടർന്ന് സമർപ്പിച്ചിട്ടുള്ള രേഖകളുടെ വിശദമായ പരിശോധന നടത്തി ലൈസൻസ് നൽകേണ്ടത് എക്സൈസ് കമ്മീഷണറാണ്. ഈ പരിശോധനയിൽ രേഖകൾ സാധുവല്ലെന്നു കാണുന്ന പക്ഷം ലൈസൻസ് അനുവദിക്കില്ല എന്നു മാത്രമല്ല, ലഭിച്ച മുൻകൂർ അനുമതി റദ്ദാക്കുവാനും നടപടി സ്വീകരിക്കുന്നതാണ്.<br>പരാമർശ കേസിൽ, 12/07/2018-ൽ നൽകിയ മുൻകൂർ അനുമതി 09-10-2018 തീയതിയിലെ സ.ഉ(സാധാ)നം.744/2018/നി.വ പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ